**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 379** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കുത്തുപറമ്പ് ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള ഫയർ സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള ഫയർ സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടു സ്വീകരിച്ച നടപടികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കുത്തുപറമ്പ് ഫയർ സ്റ്റേഷന് സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 2025-26 വർഷത്തെ ബജറ്റിൽ ഒരു കോടി രൂപ അനുവദിച്ചെങ്കിലും പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കുത്തുപറമ്പ് ഫയർ സ്റ്റേഷൻ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ടെക്നിക്കൽ സാങ്ഷൻ ലഭ്യമാക്കുന്നതിനും ടെണ്ടർ നടപടികൾ തുടങ്ങുന്നതിനുമുള്ള കാര്യങ്ങൾ പുരോഗമിച്ചു വരുന്നു.

**(സി)** ഫയർ സ്റ്റേഷൻ കെട്ടിടം ആധുനിക സൗകര്യത്തോടെ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുന്നതിന് മൂന്ന് കോടി രൂപ കൂടി വേണ്ടിവരുന്ന സാഹചര്യത്തിൽ കെട്ടിടം യാഥാർത്ഥ്യമാക്കാൻ സർക്കാർ പ്രത്യേക മുൻകയ്യെടുക്കുമോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** കുത്തുപറമ്പ് ഫയർ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ₹ 1,09,30,000/- (ഒരു കോടി ഒൻപത് ലക്ഷത്തി മുപ്പതിനായിരം രൂപ) രൂപയുടെ ഭരണാനുമതി ഒന്നാം ഘട്ട പ്രവൃത്തിയ്ക്ക് ലഭ്യമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ക്രമ നം. | മേഖല | ജില്ല | സ്റ്റേഷൻ | കെട്ടിട നിർമ്മാണം നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | നെടുമങ്ങാട് | പുതിയ കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം നടത്തിയിട്ടുണ്ട്. സൈറ്റിനുള്ളിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള ലേല നടപടികൾ സ്വീകരിച്ച് വരുന്നു. |
| | തിരുവനന്തപുരം | തിരുവനന്തപുരം | പാലോട് | എം.എൽ.എ.ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ സ്റ്റേഷൻ പ്രവർത്തനത്തിന് അപര്യാപ്ത-മായതിനാൽ അത്യാവശ്യം വേണ്ട നിർമ്മിതികൾ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് റിവൈസ്ഡ് പ്ലാൻ അംഗീകാരത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. |
| | തിരുവനന്തപുരം | തിരുവനന്തപുരം | വിതുര | പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 456.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നു. |
| | തിരുവനന്തപുരം | തിരുവനന്തപുരം | പൂവാർ | നില നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധിക്കുന്നതിന്റെ പ്രാരംഭ നടപടികൾ, ടോപ്പോഗ്രാഫി സർവ്വെ എന്നിവ ചെയ്യുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |
| | തിരുവനന്തപുരം | തിരുവനന്തപുരം | വിഴിഞ്ഞം | നിലയം നിർമ്മിക്കുന്നതിനായി സ്ഥലം വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്നതിനായി സ്പെഷ്യൽ തഹസീൽദാറിൽ നിന്നും സ്കെച്ചും പ്ലാനും ലഭ്യമാക്കിയിട്ടുണ്ട്. |
| | തിരുവനന്തപുരം | തിരുവനന്തപുരം | പരവൂർ | കെട്ടിട നിർമ്മാണത്തിനുള്ള സൈറ്റിനുള്ളിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള ലേല നടപടികൾ സ്വീകരിച്ച് വരുന്നു. |
| 2 | കൊല്ലം | കൊല്ലം | ചവറ | നിർമ്മാണത്തിനായി ലഭ്യമായിട്ടുള്ള സ്ഥലത്തെ മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ട്. ഡ്രോയിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച് വരുന്നു. |

| | | | | |
|---|---|---|---|---|
| 3 | കോഴിക്കോട് | കോഴിക്കോട് | കോഴിക്കോട് ബീച്ച് | പഴയ കെട്ടിടങ്ങൾ ലേലം ചെയ്ത് പൊളിച്ചു മാറ്റി. സ്റ്റേഷനും ഓഫീസുകളും നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 17 കോടിയുടെ എസ്റ്റിമേറ്റ് ധനാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. |
| | കോഴിക്കോട് | കോഴിക്കോട് | നാദാപുരം | സ്റ്റേഷൻ കെട്ടിടം പണിയുന്നതിന് 25 സെന്റ് സ്ഥലവും സർക്കാർ വക പുറമ്പോക്ക് ഭൂമിയിലൂടെ അവിടേക്ക് വഴിയും അനുവദിച്ച് കിട്ടി. തുടർന്ന് ടി പുറമ്പോക്ക് ഭൂമിയിൽ ശ്രീ.കുഞ്ഞാലി തടങ്ങാട്ട് എന്ന വ്യക്തി അവകാശവാദം ഉന്നയിക്കുകയും പരിസരവാസികൾ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുകയും ചെയ്തു. ബഹു.വടകര സബ് കോടതി സ്ഥലത്തേക്ക് പ്രവേശിക്കുന്നത് വിലക്കിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുള്ളതുമാണ്. തുടർന്ന് ഗവൺമെന്റ് പ്ലീഡർ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. നിലയ കെട്ടിടത്തിന്റെ നിർമ്മാണത്തിനുവേണ്ടി മണ്ണ് പരിശോധന, ടോട്ടൽ സ്റ്റേഷൻ സർവ്വേ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. |
| | കോഴിക്കോട് | കോഴിക്കോട് | നരിക്കുനി | നിലയ കെട്ടിട നിർമ്മാണത്തിനായി 15-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി നിലയ നിർമ്മാണ തുക പൊതുമരാമത്ത് വകുപ്പ് ഹെഡിൽ ഒടുക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| | കോഴിക്കോട് | കോഴിക്കോട് | വൈത്തിരി | കുന്നത്തിടവക വില്ലേജിൽ പൂക്കോട് വെറ്റിനറി യൂണിവേഴ്സിറ്റി കവാടത്തിനടുത്തുള്ള സ്ഥലത്ത് കെട്ടിടം പണിയുന്നതിന് സോയിൽ ടെസ്റ്റ്, സ്കെച്ച്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അർത്ഥനാപത്രം സമർപ്പിച്ചിട്ടുണ്ട്. SASCI ഫണ്ട് ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | കോഴിക്കോട് | കോഴിക്കോട് | തൊണ്ടർനാട് | സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് അധികൃതർ നൽകിയ പ്ലാൻ അംഗീകരിച്ച് നൽകിയിട്ടുണ്ട്. SASCI ഫണ്ട് വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. |
| 4 | പാലക്കാട് | പാലക്കാട് | മഞ്ചേരി | നിലയത്തിന്റെ കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഫ്ളോറിംഗ്, പ്ലംബിംഗ് അടക്കമുള്ള ഫിനിഷിംഗ് പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| | പാലക്കാട് | പാലക്കാട് | വേങ്ങര | 40 സെന്റ് സ്ഥലം ലഭ്യമാണ്. പൊതുമരാമത്ത് വകുപ്പിൽ നിന്നും 2,60,00,000/-രൂപയുടെ (രണ്ട് കോടി അറുപത് ലക്ഷം രൂപ മാത്രം) എസ്റ്റിമേറ്റ് ലഭ്യമാക്കിയത് 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിക്കുന്ന നടപടികൾ സ്വീകരിച്ച് വരികയാണ്. |
| | പാലക്കാട് | പാലക്കാട് | പട്ടാമ്പി | നിർമ്മാണം പുരോഗമിച്ചു വരുന്നു |
| | പാലക്കാട് | പാലക്കാട് | കോങ്ങാട് | നിർമ്മാണം പുരോഗമിച്ചു വരുന്നു |
| | പാലക്കാട് | പാലക്കാട് | ആലത്തൂർ | പൊതുമരാമത്ത് വകുപ്പിൽ നിന്ന് ലഭ്യമായ പ്ലാൻ അംഗീകരിച്ചു നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| 5 | കോട്ടയം | കോട്ടയം | വൈക്കം | പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിംഗിൽ നിന്നും ലഭ്യമായ Detailed Architectural Drawing, ഡിപ്പാർട്ട്മെന്റ് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| | കോട്ടയം | കോട്ടയം | പാമ്പാടി | ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ പുതുക്കിയ ഡ്രാഫ്റ്റ് പ്ലാൻ (Basement, Ground & First Floor Plans) അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതി നായി പാമ്പാടി സ്റ്റേഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| | കോട്ടയം | കോട്ടയം | കാഞ്ഞിരപ്പള്ളി | നിലയ കെട്ടിട നിർമ്മാണത്തിനായുള്ള Detailed Architectural Drawing അംഗീകരിച്ച് ലഭ്യമാവുകയും, പ്രസ്തുത അസൽ പ്ലാൻ തുടർ നടപടികൾക്കായി കാഞ്ഞിരപ്പള്ളി പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. |
| | കോട്ടയം | ആലപ്പുഴ | അരൂർ | സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ട്. ആയതിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാന ത്തിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| | കോട്ടയം | ആലപ്പുഴ | തകഴി | സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമായിട്ടില്ല. ആയതിന്റെ നടപടികൾ സ്വീകരിച്ച് വരുന്നു. |
| | കോട്ടയം | ആലപ്പുഴ | മാവേലിക്കര | സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമായിട്ടില്ല. ആയതിന്റെ നടപടികൾ സ്വീകരിച്ച് വരുന്നു. |
| | കോട്ടയം | ആലപ്പുഴ | ആലപ്പുഴ | സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമായിട്ടില്ല. ആയതിന്റെ നടപടികൾ സ്വീകരിച്ച് വരുന്നു. |
| | കോട്ടയം | ആലപ്പുഴ | ഹരിപ്പാട് | സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ട്. ആയതിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാന ത്തിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6 | എറണാകുളം | എറണാകുളം | കല്ലൂർക്കാട് | ഭിന്നശേഷി സൗഹൃദമായ ഫയർ സ്റ്റേഷന്റെ രൂപരേഖ തയ്യാറാക്കി ലഭിയ്ക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| | എറണാകുളം | എറണാകുളം | മൂവാറ്റുപ്പുഴ | കെട്ടിടം പണിയുന്നതിനായി സർക്കാർ ഭരണാനുമതിയും, ധനാനുമതിയും ലഭ്യമായിട്ടുള്ളതാണ്. മൂവാറ്റുപ്പുഴ നഗര സഭ അനുവദിച്ച 50 സെന്റ് സ്ഥലം ഭൂമിയുടെ തരം നിലം ആയതിനായി ഭൂമി തരം മാറ്റി പുരയിടം നിലമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| | എറണാകുളം | എറണാകുളം | മുളന്തുരുത്തി | മണ്ണ് പരിശോധന പൂർത്തിയാക്കി. കെട്ടിടം പണിയുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച് വരുന്നു. |
| | എറണാകുളം | എറണാകുളം | വൈപ്പിൻ | കെട്ടിടം പണിയുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. |
| | എറണാകുളം | ഇടുക്കി | കട്ടപ്പന | പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കെട്ടിടം പണിയുന്നതിനുള്ള നടപടി പൊതു മരാമത്ത് വകുപ്പ് സ്വീകരിച്ച് വരുന്നു. |
| | എറണാകുളം | ഇടുക്കി | മൂലമറ്റം | കെട്ടിടം പണിയുന്നതിനുള്ള പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. തുടർ നടപടി പൊതു മരാമത്ത് വകുപ്പ് സ്വീകരിച്ച് വരുന്നു. |
| 7 | കണ്ണൂർ | കണ്ണൂർ | കൂത്തുപറമ്പ് | സ്റ്റേഷൻ കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി (തുക 109.3 ലക്ഷം) ലഭിച്ചു. ടെക്നിക്കൽ സാങ്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിൽ പുരോഗമിക്കുന്നു. |
| | കണ്ണൂർ | കണ്ണൂർ | തളിപ്പറമ്പ് | സ്റ്റേഷൻ കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനം (ഭരണാനുമതി തുക 1 കോടി 10 ലക്ഷം) നടന്നു വരുന്നു. രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| | കണ്ണൂർ | കണ്ണൂർ | ഇരിട്ടി | സ്റ്റേഷൻ കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 1 കോടി 62 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിൽ പുരോഗമിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| | കണ്ണൂർ | കണ്ണൂർ | പേരാവൂർ | സ്റ്റേഷൻ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 4 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| | കണ്ണൂർ | കാസർഗേഡ് | കാസർഗോഡ് | സ്റ്റേഷൻ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 499.99 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തി കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| | കണ്ണൂർ | കാസർഗോഡ് | ഉപ്പള | സ്റ്റേഷൻ കെട്ടിടത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള (2 കോടി 50 ലക്ഷം രൂപ) ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| | കണ്ണൂർ | കാസർഗോഡ് | ചീമേനി | സ്റ്റേഷൻ കെട്ടിടത്തിന്റെ 3 കോടി രൂപയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |